## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 411** **11.12.2012-ൽ മറുപടിയ്ക്ക്**

### സൗരോർജ്ജ വൈദ്യുതി ഉത്പാദനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, ഷാഫി പറമ്പിൽ<br>,, എം.പി. വിൻസന്റ്<br>ഹൈബി ഈഡൻ | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിച്ച് ഗ്രിഡിൽനൽകുന്നതിനുള്ള പദ്ധതിക്ക് കെ.എസ്.ഇ.ബി രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. കഞ്ചിക്കോട്ടിൽ 1 MW ന്റെ ഗ്രിഡ് കണകടഡ് സോളാർപദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. കൂടാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസുകളിൽ നിന്നുള്ള ഗ്രിഡ് കണക്ടഡ് പദ്ധതികൾ വർദ്ധിപ്പിക്കുന്നതിലേക്കായി 50 MW ൽ കൂടുതലുള്ള പദ്ധതികൾക്ക് (ഹൈഡ്രോ ഒഴികെ) ഈ മേഖലയിലെ സംരംഭകരിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം സൗരോർജ്ജ ഉത്പാദകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സാമ്പത്തികവും സാങ്കേതികവുമായ കഴിവും മുൻപരിചയവും ഉള്ള എല്ലാനിക്ഷേപകർക്കും കെ.എസ്.ഇ.ബി ക്ഷണിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റിൽ പങ്കെടുക്കാവുന്നതാണ്. |
| (സി) ഈ പദ്ധതിക്കുള്ള ഫീഡ് - ഇൻ-താരിഫ് സിസ്റ്റം തയ്യാറാക്കിയിട്ടുണ്ടോ;വിശദമാക്കുമോ ;<br>(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉത്പാദകർ, ഉപഭോക്താക്കൾ, മറ്റ് ബന്ധപ്പെട്ടവർ എന്നിവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുമോ? | (സി) & (ഡി) | സോളാർപദ്ധതികളിൽ നിന്നുള്ള വൈദ്യുതിയുടെ ഫീഡ് -ഇൻ-താരിഫ് സംബന്ധിച്ചുള്ള ചർച്ചാകുറിപ്പ് (Discussion paper) സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്മേൽ റെഗുലേറ്ററി കമ്മീഷൻ ഉല്പാദകർ, ഉപഭോക്താക്കൾ, മറ്റു ബന്ധപ്പെട്ട വ്യക്തികൾ തുടങ്ങിയവരിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിച്ചുവരുന്നു. |

സെക്ഷൻഓഫീസർ